**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1485** **18-01-2021 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി മേഖലയിലെ തൊഴിൽ പ്രശ്നങ്ങൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എസ്. ശബരീനാഥൻ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | Smt. J. Mercykutty Amma<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) | |
| (എ) | കശുവണ്ടി തൊഴിലാളികൾക്ക് വർഷം മുഴുവൻ തൊഴിൽ ഉറപ്പുവരുത്തുവാൻ ഇടപെടൽ നടത്തുമെന്നും അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമെന്നുമുള്ള പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ; | (എ) | സാധ്യമായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള ഫാക്ടറികൾ അടഞ്ഞുകിടക്കുകയായിരുന്നു. ബഹു. സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നിറവേറ്റുന്നതിന്റെ ഭാഗമായി 2016 ഓണത്തിന് മുൻപ് പൊതുമേഖലയിലെ 40 ഫാക്ടറികളും തുറന്നു പ്രവർത്തിപ്പിച്ചു. തൊഴിലാളികൾക്ക് കുറഞ്ഞത് 200 തൊഴിൽ ദിനങ്ങൾ എങ്കിലും നൽകുന്നതിനാണ് സർക്കാർ പരിശ്രമിക്കുന്നത്. കാപ്പക്സിൽ 214 തൊഴിൽ ദിനങ്ങൾ വരെ നൽകിയിട്ടുണ്ട്. കോർപ്പറേഷനിലും പരമാവധി തൊഴിൽ ദിനങ്ങൾ തുടർച്ചയായി നൽകിവരികയാണ്. കോവിഡ് മഹാമാരിയ്ക്കിടയിലും പ്രോട്ടോക്കോൾ പാലിച്ചു കൊണ്ട് പൊതുമേഖലയിലെ ഫാക്ടറികൾ പ്രവർത്തിച്ചു വരികയാണ്. കടക്കെണി മൂലം അടഞ്ഞു കിടന്നിരുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറപ്പിക്കുന്നതിനും തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പു വരുത്തുന്നതിനും സർക്കാർ നടത്തിയ ശ്രമത്തിന്റെ ഫലമായി ഭൂരിപക്ഷം ഫാക്ടറികളും തുറന്നു പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. അതിനു വേണ്ടി ബഹു.മുഖ്യമന്ത്രിയുടേയും കശുവണ്ടി വ്യവസായ വകുപ്പു മന്ത്രിയുടേയും നേതൃത്വത്തിൽ ഇതിനകം 8 യോഗങ്ങൾ വിളിച്ചു ചേർത്തിരുന്നു. അതിന്റെ ഭാഗമായി 2019 ൽ ഒരു പുനരുദ്ധാരണ പാക്കേജ് സർക്കാർ പ്രഖ്യാപിച്ചു. അതിന്റെയടിസ്ഥാനത്തിൽ ബാങ്കുകൾ 79 വ്യവസായങ്ങൾക്ക് അധിക വായ്പ നൽകുകയും അതിൽ 70 വ്യവസായങ്ങൾക്ക് പുനരുദ്ധാരണ പാക്കേജിന്റെയടിസ്ഥാനത്തിൽ 2019-20 ൽ പലിശ സബ്സിഡി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനായി 2020-21 ലും സബ്സിഡി |

| | | | |
|---|---|---|---|
| | | | അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. കൂടാതെ തൊഴിലാളികൾക്ക് അവരുടെ നിയമപരമായ ആനുകൂല്യങ്ങൾ നൽകി വ്യവസായം നടത്തുന്ന വ്യവസായികൾക്ക് അവരുടെ വായ്പയിന്മേലുള്ള ഒരു നിശ്ചിത ശതമാനം പലിശ സബ്സിഡി അനുവദിക്കുന്ന കാര്യവും സർക്കാർ പരിശോധിച്ചു വരികയാണ്. വ്യവസായത്തിനാവശ്യമായ ഗുണമേന്മയുള്ള തോട്ടണ്ടി ഇടനിലക്കാരില്ലാതെ ലഭ്യമാക്കുന്നതിനായി 2017 ൽ സർക്കാർ കേരളാ കാഷ്യൂബോർഡ് രൂപീകരിക്കുകയും അതിന്റെ നേതൃത്വത്തിൽ ഇതിനകം 28274 മെട്രിക് ടൺ തോട്ടണ്ടി കോർപ്പറേഷനും കാപ്പക്സിനും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യപ്പെടുന്ന പക്ഷം സ്വകാര്യ ഫാക്ടറികൾക്കും തോട്ടണ്ടി ലഭ്യമാക്കാൻ കേരള കാഷ്യൂബോർഡ് ഇപ്പോൾ സജ്ജമാണ്. ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും കേരളാ കാഷ്യൂബോർഡ് മുഖാന്തിരം ഇറക്കുമതി ചെയ്ത തോട്ടണ്ടിയ്ക്ക് പുറമേ കേരളത്തിൽ നിന്നും 13179 മെട്രിക് ടൺ തോട്ടണ്ടി കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സും സംഭരിച്ചിട്ടുണ്ട്. |
| (ബി) | കടക്കെണി മൂലം പ്രവർത്തനരഹിതമായ സ്വകാര്യ കശുവണ്ടി ഫാക്ടറികൾ പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇക്കാര്യം വിലയിരുത്തി റിപ്പോർട്ട് നൽകുവാൻ നിയുക്തമായ കമ്മിറ്റി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | (B) & (C) സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ബഹു. മുഖ്യമന്ത്രിയും കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രിയും ധനകാര്യ സ്ഥാപനങ്ങൾ, എസ്.എൽ.ബി.സി, വ്യവസായികൾ, ട്രേഡ് യൂണിയൻ പ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ച് 8 യോഗങ്ങൾ നടത്തിയിരുന്നു. സ്വകാര്യ കശുവണ്ടി വ്യവസായത്തെ പുനരുദ്ധരിക്കുന്ന കാര്യം പരിഗണിക്കുന്നതിനും ശുപാർശ നൽകുന്നതിനുമായി ബന്ധപ്പെട്ട് ബാങ്ക്, എസ്.എൽ.ബി.സി, സർക്കാർ പ്രതിനിധികളടങ്ങിയ മൂന്നംഗ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിരുന്നു. പ്രസ്തുത കമ്മിറ്റി രണ്ടു ഘട്ടങ്ങളിലായി വ്യവസായികളെ കേൾക്കുകയും ശുപാർശ സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത കമ്മിറ്റിയുടെ ശുപാർശ സർക്കാർ പരിശോധിച്ച് 06.07.2019 ലെ സ.ഉ (സാധാ)നം. 643/2020/Ind ഉത്തരവ് പ്രകാരം സ്വകാര്യ വ്യവസായങ്ങളുടെ പുനരുദ്ധാരണ പാക്കേജിന് അംഗീകാരം നൽകി. പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കി വായ്പ പുനഃക്രമീകരിക്കുക, പലിശ 9%മായി ഏകീകരിക്കുക, നിലവിലുള്ള വായ്പ പുനഃക്രമീകരിച്ച് ദീർഘകാല വായ്പയാക്കുക, പുതിയ വായ്പയുടെ പലിശ ഒരു വർഷം സർക്കാർ ഏറ്റെടുക്കുക പാക്കേജിലുൾപ്പെട്ട വ്യവസായികൾ സർക്കാരിന് നൽകാനുള്ള നികുതി ബാദ്ധ്യതയ്ക്ക് ഒരു വർഷം മോറട്ടോറിയം പ്രഖ്യാപിക്കുക, വ്യവസായത്തിനാവശ്യമായ തോട്ടണ്ടി |

| | | | |
|---|---|---|---|
| | | | കേരള കാഷ്യൂബോർഡ് എസ്ക്രോ അക്കൗണ്ട് അടിസ്ഥാനത്തിൽ ലഭ്യമാക്കുക തുടങ്ങിയ പ്രധാന ശുപാർശകളിലെല്ലാം സർക്കാർ ഇതിനകം നടപടി സ്വീകരിച്ചിട്ടുണ്ട്. പുനരുദ്ധാരണ പാക്കേജിന്റെയടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങൾ 2019-20 ൽ 79 വ്യവസായങ്ങൾക്ക് അധിക വായ്പ അനുവദിച്ചിട്ടുമുണ്ട്. ഇതിൽ 70 വ്യവസായങ്ങൾ ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകാനുള്ള 2019-20 ലെ സബ്സിഡി തുകയായി 3.04 കോടി രൂപ സർക്കാർ അനുവദിച്ചു കഴിഞ്ഞു. 2020-21 ലെ സബ്സിഡി അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. 21.12.2020 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിലും കൂടിയ എസ്.എൽ.ബി.സി, ബാങ്കുകൾ വ്യവസായികൾ എന്നിവരുടെ യോഗത്തിൽ പുനരുദ്ധാരണത്തിനർഹതയില്ലാത്ത വ്യവസായങ്ങൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ നടപ്പിലാക്കുന്ന കാര്യത്തിൽ ബാങ്കിന് ശുപാർശ നൽകാൻ ബാങ്കിന്റെ പ്രതിനിധി, സർക്കാർ പ്രതിനിധി, വ്യവസായ പ്രതിനിധികളടങ്ങിയ മൂന്നംഗ കമ്മിറ്റി അടിയന്തരമായി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. |
| (സി) | സ്വകാര്യ ഫാക്ടറികൾക്ക് ബാങ്കുകൾ പ്രവർത്തന മൂലധനമായി നൽകുന്ന വായ്പയുടെ പലിശ അടവ് ഒരു വർഷത്തേക്ക് സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; ഈ പദ്ധതി പ്രകാരം ഇതിനകം എത്ര പേർക്ക് ആനുകൂല്യം ലഭിച്ചുവെന്ന് അറിയിക്കാമോ? | (സി) | (B) & (C) സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ബഹു. മുഖ്യമന്ത്രിയും കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രിയും ധനകാര്യ സ്ഥാപനങ്ങൾ, എസ്.എൽ.ബി.സി, വ്യവസായികൾ, ട്രേഡ് യൂണിയൻ പ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ച് 8 യോഗങ്ങൾ നടത്തിയിരുന്നു. സ്വകാര്യ കശുവണ്ടി വ്യവസായത്തെ പുനരുദ്ധരിക്കുന്ന കാര്യം പരിഗണിക്കുന്നതിനും ശുപാർശ നൽകുന്നതിനുമായി ബന്ധപ്പെട്ട് ബാങ്ക്, എസ്.എൽ.ബി.സി, സർക്കാർ പ്രതിനിധികളടങ്ങിയ മൂന്നംഗ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിരുന്നു. പ്രസ്തുത കമ്മിറ്റി രണ്ടു ഘട്ടങ്ങളിലായി വ്യവസായികളെ കേൾക്കുകയും ശുപാർശ സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത കമ്മിറ്റിയുടെ ശുപാർശ സർക്കാർ പരിശോധിച്ച് 06.07.2019 ലെ സ.ഉ (സാധാ)നം. 643/2020/Ind ഉത്തരവ് പ്രകാരം സ്വകാര്യ വ്യവസായങ്ങളുടെ പുനരുദ്ധാരണ പാക്കേജിന് അംഗീകാരം നൽകി. പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കി വായ്പ പുനഃക്രമീകരിക്കുക, പലിശ 9%മായി ഏകീകരിക്കുക, നിലവിലുള്ള വായ്പ പുനഃക്രമീകരിച്ച് ദീർഘകാല വായ്പയാക്കുക, പുതിയ വായ്പയുടെ പലിശ ഒരു വർഷം സർക്കാർ ഏറ്റെടുക്കുക പാക്കേജിലുൾപ്പെട്ട |

| | | | |
|---|---|---|---|
| | | | വ്യവസായികൾ സർക്കാരിന് നൽകാനുള്ള നികുതി ബാദ്ധ്യതയ്ക്ക് ഒരു വർഷം മോറട്ടോറിയം പ്രഖ്യാപിക്കുക, വ്യവസായത്തിനാവശ്യമായ തോട്ടണ്ടി കേരള കാഷ്യൂബോർഡ് എസ്ക്രോ അക്കൗണ്ട് അടിസ്ഥാനത്തിൽ ലഭ്യമാക്കുക തുടങ്ങിയ പ്രധാന ശുപാർശകളിലെല്ലാം സർക്കാർ ഇതിനകം നടപടി സ്വീകരിച്ചിട്ടുണ്ട്. പുനരുദ്ധാരണ പാക്കേജിന്റെയടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങൾ 2019-20 ൽ 79 വ്യവസായങ്ങൾക്ക് അധിക വായ്പ അനുവദിച്ചിട്ടുമുണ്ട്. ഇതിൽ 70 വ്യവസായങ്ങൾ ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകാനുള്ള 2019-20 ലെ സബ്സിഡി തുകയായി 3.04 കോടി രൂപ സർക്കാർ അനുവദിച്ചു കഴിഞ്ഞു. 2020-21 ലെ സബ്സിഡി അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. 21.12.2020 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും വകുപ്പു മന്ത്രിയുടെ നേതൃത്വത്തിലും കൂടിയ എസ്.എൽ.ബി.സി, ബാങ്കുകൾ വ്യവസായികൾ എന്നിവരുടെ യോഗത്തിൽ പുനരുദ്ധാരണത്തിനർഹതയില്ലാത്ത വ്യവസായങ്ങൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ നടപ്പിലാക്കുന്ന കാര്യത്തിൽ ബാങ്കിന് ശുപാർശ നൽകാൻ ബാങ്കിന്റെ പ്രതിനിധി, സർക്കാർ പ്രതിനിധി, വ്യവസായ പ്രതിനിധികളടങ്ങിയ മൂന്നംഗ കമ്മിറ്റി അടിയന്തരമായി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ